PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1952

Friday, the 31st October, 1952.

Vol. VII. **OFFICIAL REPORT** **No. 3.**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 31st October, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

റേഷൻ.

* നം. [൧] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അമ്പലപ്പുഴ-ചേർത്തല ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനുവേണ്ടി ആലപ്പുഴ ട്രേഡ്‌യൂണിയൻ സംഘടനകൾക്ക് ഗവണ്മെന്റിൽനിന്നും വിലയ്ക്കു നൽകിയ അരിക്ക് ചാക്കൊന്നിന് എന്തു വില വാങ്ങിയിട്ടുണ്ട്;

(ബി) അതേസമയം റേഷൻവിതരണത്തിന് നൽകുന്ന അരിക്ക് ചാക്കൊന്നിന് എന്തു വിലവച്ചാണ് ഗവണ്മെന്റ് വിററത്;

(സി) നാടൻ അരിക്ക് അന്ന് കമ്പോളവില എന്തായിരുന്നു;

(ഡി) റേഷൻ വിലയേക്കാളും കമ്പോളവിലയേക്കാളും കൂടിയ തുക ട്രേഡ്‌യൂണിയൻ സംഘടനകളോട് ഈടാക്കിയെങ്കിൽ അതിന് പ്രത്യേക കാരണങ്ങളുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ. ബി. ഡി.) റേഷൻകാർഡ്പ്രകാരമല്ലാതെ സ്പെഷ്യലായി അനുവദിക്കുന്ന അരിക്ക് കാസ്ററപ്രൈസ് വസൂലാക്കുകയാണ് പതിവ്. റേഷൻകാർഡ്പ്രകാരം വിതരണം ചെയ്യുന്നത് കാസ്ററപ്രൈസിനെക്കാൾ താഴ്ത്തിയാണ്. കാസ്ററപ്രൈസിനെക്കാൾ താഴ്ത്തിവിൽക്കുന്നത്

ചാക്കൊന്നിന് 33 രൂപ 1 അണയായിട്ടാണ്. സ്പെഷ്യൽസപ്ലൈ ആയി വിൽക്കുന്നത് 50 രൂപവച്ചാണ്. അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ സൗജന്യവിതരണം ചെയ്യുന്നതിന് ട്രേഡ്‌യൂണിയൻ സംഘടന ചെയ്ത അപേക്ഷയനുസരിച്ച് ഈ വിലപ്രകാരം 20 ചാക്ക് അരി അവർക്ക് കൊടുത്തിട്ടുണ്ട്.

(സി) നാടൻ അരിക്ക് അന്ന് കമ്പോളവില എന്തായിരുന്നെന്ന് അറിവില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്നാണ് ഈ 20 ചാക്ക് അരി വിററിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ അതിന്റെ തീയതി പറയാൻ നിവൃത്തിയില്ല. രണ്ടുമൂന്നുമാസം മുമ്പാണെന്നാണു തോന്നുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓണക്കാലത്താണ് അതു കൊടുത്തതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ ഒരു പതിനായിരം കുടുംബങ്ങൾക്ക് ഗവണ്മെന്റിൽനിന്നും സൗജന്യറേഷൻ നൽകണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എത്ര കുടുംബങ്ങൾക്കാണെന്നറിവില്ല. സൗജന്യറേഷൻ വേണമെന്നു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓണത്തിന് ഒരാഴ്ചക്കാലത്തേക്കു സൗജന്യറേഷൻ വേണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൗജന്യറേഷൻ വേണമെന്നു നിവേദനം ഉണ്ടായിട്ടുണ്ട്. ഓണക്കാലത്തേക്കു പ്രത്യേകം സൗജന്യറേഷൻ വേണമെന്നുള്ളതിലേക്കു നിവേദനം കിട്ടിയിട്ടുണ്ടോ എന്നുള്ളത് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈസ്റ്റർ, റംസാൻ മുതലായ പ്രത്യേക ആവശ്യങ്ങൾക്ക് അരി കൊടുക്കുമ്പോൾ കൂടുതൽ വില ഈടാക്കുന്ന പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കൊല്ലമായിട്ടുള്ള ആർഡർ- കാസ്ററ്പ്രൈസിനു മാത്രമേ സ്പെഷ്യലാവശ്യങ്ങൾക്ക് അരി കൊടുക്കുകയുള്ളു എന്നാണ്. മുമ്പ് മററുവിധത്തിൽ ഉണ്ടായിരുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇപ്പോൾ അങ്ങനെ ഒരു ആർഡർ ഉണ്ടാകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റേഷൻ അനുസരിച്ച് വിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള സബ്സിഡി മററുവിധത്തിൽ ചെലവാകാതിരിക്കാനാണ് അങ്ങനെ ചെയ്തിരിക്കുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അനിതരസാധാരണമായ ഒരു സ്ഥിതി അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ ഉണ്ടെന്ന് ഗവണ്മെന്റിന് അറിയാമായിരിക്കെ ഈ തുച്ഛമായ തുകപോലും സൗജന്യമായി അനുവദിച്ചുകൊടുക്കാൻ ഗവണ്മെന്റ് തയാറാകാത്തത് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ആ താലൂക്കിൽ ഏതെങ്കിലും റിലീഫ് പ്രവർത്തനം ചെയ്യുന്ന ആളുകൾക്ക് അവിടെ ഉള്ളവരുടെ റേഷൻകാർഡുകൾ കളക്റ്റചെയ്ത് ചുരുങ്ങിയ വിലക്ക് അരി വാങ്ങാം. അല്ലെങ്കിൽ പണം ശേഖരിച്ച് കാർഡ് അനുസരിച്ചുള്ള അരി വാങ്ങാമായിരുന്നു. റേഷൻകാർഡിനു പുറമെ കിട്ടേണ്ട സപ്ലൈ ആണ് സ്പെഷ്യലായി ചോദിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: ഈ വ ഠ ചാക്ക് അരിയും തൊഴിലാളികൾക്കുതന്നെ വിതരണം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അങ്ങനെ ചെയ്തിട്ടുണ്ടാകുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എം. ഗോപാലൻ നായർ: അന്നത്തെ കമ്പോളവില അറിവില്ലെന്ന് പറഞ്ഞതു് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കമ്പോളവില എന്നു പറയുന്നതു് ഫ്രീമാർക്കററിൽ ഉള്ള വിലയാണ്. അന്ന് ടെക്നിക്കലായി നിയമവിരുദ്ധമായ ഒരു മാർക്കററാണത്.

ശ്രീ. എം. ഗോപാലൻനായർ: ഗസററിൽ അതാതുകാലം പരസ്യം ചെയ്യുന്ന വില കമ്പോളവിലയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതു് പ്രൊക്യൂവർമെൻറ പ്രകാരമുള്ള വിലയാണ്.

ശ്രീ. എം. ഗോപാലൻ നായർ: ഗോതമ്പിനു് ഏതു നിരക്കിലാണ വില ഈടാക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഗോതമ്പിൻെറ വില ഇപ്പോൾ കുറച്ചിട്ടുണ്ട്.

ശ്രീ. ടി. വി. താമസ്: മററുള്ള കമ്മിററികൾക്ക് സ്പെഷ്യൽ സപ്ലൈയായി അരി കൊടുക്കുമ്പോൾ എന്തു വിലയാണ് ഈടാക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതും കാസ്ററ പ്രൈസാണ്.

ശ്രീ. ടി. വി. താമസ്: ചീഫ്മിനിസ്റ്റർ തുടങ്ങിയിട്ടുള്ള ആലപ്പുഴ കമ്മിററി റേഷൻവിലയ്ക്കാണ് അരി വാങ്ങി വിതരണം ചെയ്യുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഞാൻ നോക്കാം.

ശ്രീ. ടി. വി. താമസ്: അങ്ങനെ ചെയ്യുന്നതു് ശരിയാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അങ്ങനെയൊരു വ്യത്യസ്ഥത കാണിക്കുന്നതു ശരിയല്ലെന്നാണ് ഗവണ്മെൻറിൻെറ അഭിപ്രായം.

ശ്രീ. എൻ. രാജഗോപാലൻനായർ: കാസ്ററപ്രൈസിൽ കുറച്ച് അരി സപ്ലൈ ചെയ്തിട്ടുള്ളതായി അറിവില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: മുമ്പ് അങ്ങനെയുണ്ടായിരുന്നു. ആ ആർഡർ ഇപ്പോൾ നിലവിലില്ല. റേഷനു പുറമേ കിട്ടേണ്ടതിനാണ് കാസ്ററപ്രൈസ് വച്ചിട്ടുള്ളതു്.

കേന്ദ്ര ഭക്ഷ്യകാര്യമന്ത്രി തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ് കാൺഫറൻസ്.

* ൯൪. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യകാര്യമന്ത്രിയായ ശ്രീ. കിദ്വായി തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ് കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ ഗോതമ്പുതിന്നു പരിശീലിക്കണമെന്നു ഉപദേശിച്ചിരിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായി എന്തെങ്കിലും പദ്ധതികൾ ഈ ഗവണ്മെന്റ് രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽനിന്നും അരി ലഭിക്കുവാനുള്ള സാദ്ധ്യതയ്ക്കു കുറവുള്ളതായി ഗവണ്മെന്റിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്ര ഭക്ഷ്യകാര്യമന്ത്രി ശ്രീ. കിദ്വായി തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ് കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ ഗോതമ്പു ഭക്ഷിച്ചു ശീലിക്കുന്നതു് നന്നായിരിക്കുമെന്നു ഉപദേശിച്ചതായി ഓർമ്മിക്കുന്നുണ്ട്.

(ബി) ഈ രാജ്യത്തു ഭക്ഷ്യധാന്യനിയന്ത്രണം ഏർപ്പെടുത്തിയ കാലംമുതൽ അരിയുടെകൂടെ കുറേശ ഗോതമ്പും മററു ധാന്യങ്ങളും റേഷനിൽ കൊടുത്തുവന്നിരുന്നു. ഗോതമ്പു ഭക്ഷിച്ചു ജനങ്ങൾ പരിചയിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി രണ്ടു് ഔൺസു ഗോതമ്പു് നിർബന്ധമാക്കിയും വച്ചിരുന്നു. അതുകൊണ്ടു് സാമാന്യജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടെന്നു തോന്നിയതുകൊണ്ടു് ആ നിർബന്ധം എടുത്തുകളഞ്ഞു. ഇപ്പോൾ ഗോതമ്പിന്റെ വില സാരമായി കുറച്ചിരിക്കുകയാണ്.

(സി) അരി ലഭിക്കുന്നതിനുള്ള സാദ്ധ്യത കുറയുമെന്നു ശ്രീ. കിദ്വായിയുടെ സ്റ്റേറ്റുമെന്റിൽനിന്നും ഊഹിക്കാം. പക്ഷെ അങ്ങനെ ഊഹിച്ചുകൊള്ളണമെന്നു നിർബന്ധമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അരിയുടെ വില കൂട്ടാനും ഗോതമ്പിന്റെ വില കുറയ്ക്കാനും ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗോതമ്പിന്റെ വില കുറച്ചിട്ടുണ്ടു്. അരി വില കൂട്ടാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ചവറ ഉപതിരഞ്ഞെടുപ്പ്.

* ൯൫. [൩] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഉപതിരഞ്ഞെടുപ്പിൽ ഗവണ്മെന്റുവക ധനം കാൺഗ്രസ്സ് പ്രചരണത്തിനുവേണ്ടി ചെലവഴിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മന്ത്രിമാരുടെ കാറുകൾ തിരഞ്ഞെടുപ്പു പ്രചരണത്തിനു പയോഗിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഗവണ്മെൻറവക കടലാസ്സ് കാൺഗ്രസ്സ് പ്രചരണാൎത്ഥമുള്ള നോട്ടീസുകൾ പ്രചരിപ്പിക്കുന്നതിനുപയോഗിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ?

ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല. പക്ഷെ മന്ത്രിമാർ നിയോജകമണ്ഡലത്തിൽ പോകുമ്പോൾ ഗവണ്മെൻറവക കാറിൽ പോയിട്ടുണ്ടാകാം.

(സി) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : കൊല്ലത്തുള്ള എ. എ. റഹിം, അസീസ് പ്രിൻേറഴ്സിൽ അച്ചടിച്ച നോട്ടീസ് സൎക്കാർ കടലാസിലാണെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സൎക്കാരിൻെറ മാൎക്കുള്ള കടലാസിലാണ് ആദ്യത്തെ നോട്ടീസ് അച്ചടിച്ചതെന്നു ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: മനസ്സിലാക്കിയിട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങനെയാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ തയാറുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : പരിശോധിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: യാദൃച്ഛികമായി ഗവണ്മെൻറ കടലാസിൽ വാൾപോസ്റ്റർ അടിച്ചുപോയി എന്ന് മി. സ്റ്റീഫൻ ഒരു യോഗത്തിൽ വച്ചു സമ്മതിച്ചിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇല്ല. മാത്രമല്ല അങ്ങനെയൊരു സമ്മതം നൽകാനുള്ള അവകാശം മി. സ്റ്റീഫനില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഗവണ്മെൻറിനു വേണ്ടിയല്ല പറഞ്ഞത്. കാൺഗ്രസ്സ് യോഗത്തിൽ അങ്ങനെ പ്രസംഗിച്ചിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : അത് ഗവണ്മെൻറിൻെറ അറിവിൽ പെട്ടിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൻെറ കഴിവുകൾ ഗവണ്മെൻറവക ധനമായി കരുതാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ആ ചോദ്യം കഴിവ് എന്നുള്ള വാക്കിലും, ധനമെന്നുള്ള വാക്കിലും എന്തൎത്ഥമാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നുള്ളതിനെ അനുസരിച്ചിരിക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൻെറ അധികാരം ഗവണ്മെൻറവക ധനമാണെങ്കിൽ ഗവണ്മെൻറ് അധികാരഭീഷണി നടത്തി വോട്ടുപിടിച്ചിട്ടുണ്ടെന്ന് അറിയാമോ ?

Mr. Speaker: Question disallowed.

ശ്രീ. സി. ജി. സദാശിവൻ: ഗവണ്മെന്റു കാറുകളിൽ അല്ലാതെ ഏതെങ്കിലും പ്രൈവറ്റ് കാറുകളിൽ ഏതെങ്കിലും മന്ത്രി അവിടെ പോയിട്ടുള്ളതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഗവണ്മെന്റുവക കാറുകളിൽ സമ്മതിദായകന്മാരെ പോളിംഗ്ബൂത്തിൽ കൊണ്ടിറക്കിയതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കാറിലും സമ്മതിദായകന്മാരെ പോളിംഗ്ബൂത്തിൽ കൊണ്ടുപോയി ഇറക്കുന്നതു ശരിയല്ല. അതു് നിയമപ്രകാരം തെറ്റാണ്. അങ്ങനെയുള്ള തെറ്റുകൾ ചവറ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും കക്ഷി ചെയ്തിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: വോട്ടിംഗ് ദിവസം പോളിംഗ്ബൂത്തിനു ൧൦൦ വാരയ്ക്കകം ഗവണ്മെന്റുവക കാറുകളിൽ മന്ത്രിമാർക്കു് സഞ്ചരിക്കാൻ അവകാശമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: പോളിംഗ്ബൂത്തിൽ ക്യാൻവാസിംഗ് നടത്താൻ മന്ത്രിമാർക്കു് അവകാശമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർക്കും അതിനു് അധികാരമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെ ചില മന്ത്രിമാർ ചെയ്തതായി അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

Medicinal Herbs.

*96. [4] **Shri K. Bhanu:** Will the Minister for Medicine and Public Health be pleased to state:

(a) whether Government have formulated any scheme for the survey and scientific research of indigenous medicinal herbs found in various parts of our State; and

(b) if so, what the broad outlines of the scheme are, when it will be put into operation and what is the estimated cost thereof?

Minister for Medicine and Pub ic Health **(Shri V. Madhavan):**

(a) No.

(b) The question does not arise.

Telephone Connection.

*97. [5] **Shri K. Bhanu:** Will the Minister for Works and Transport be pleased to state the number of District Sub-Divisional and Taluk Head-quarters in our State which are at present without telephone connection?

Minister for Works and Transport **(Shri Kalathil Velayudhan Nair):** District Nil.

Sub-divisional Head-quarters 1.

Taluk Head-quarters 2.

Shri K. Bhanu: Are the Government aware of the difficulties experienced by the people due to the absence of telephone connection ?

Mr. Speaker: Order, order. That is a general question.

Kharif Crop.

* 98. [6] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state :

(a) whether the figures of the produce of kharif crop during the current year have been received from different parts of our State ;

(b) the names of the places in which there is food shortage ; and

(c) the quantity of food shortage this year in different parts of our State ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** (a) Yes. Figures of the produce of kharif crop during the current year have been received from different parts of the State.

(b) and (c) The food shortage is usually estimated for the whole State and not with reference to particular-localities. On account of drought conditions there is short-fall in production from the Kanni crop in some parts of the State.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ കരിഫ് ക്രോപ്പ് എന്നു പറയുന്നത് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സാധാരണയായി ജൂലൈ മുതൽ അക്ടോബർ ൧൫-ാംനു വരെ നടത്തുന്ന കൃഷിക്കാണ് പറയുന്നത്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ചിററൂരും നെന്മാറയും ഉണക്കമൂലം കൃഷിനാശം സംഭവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടേയും കൃഷിക്ക് വർഷപാതമില്ലാത്തതുമൂലം നാശമുണ്ടായി എന്നറിഞ്ഞിട്ടുണ്ട്.

Shri P. Ramaswami Pillai: Has any relief been given to the cultivators in those places ?

Shri Panampilli Govinda Menon: No, to my knowledge.

Shri N. A. Noor Muhammad: Does the Government propose to give any relief ?

Shri Panampilli Govinda Menon: From the Food Department relief to this effect has been given. That is to say, the procurement has been lightened in those areas.

കുറികളും ബാങ്കുകളും.

* ൯൯. [൧] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അനധികൃതമായ രീതിയിൽ ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും, ചില്ലറ കുറികളും ബാങ്കുകളും നടത്തി പാവപ്പെട്ടവരുടെ പണവും, പണ്ടങ്ങളും കൊണ്ട് പലരും അപ്രത്യക്ഷരാകുന്നതായുള്ള റിപ്പോർട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാധുജനവഞ്ചനയെ ഫലപ്രദമായി തടയാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாதநாடார்):

(ஏ) இந்த ராஜ்யத்தின் பல பாகங்களிலும் அதிகாரமில்லாத முறையில் பலர், சிறு சிட்டிகளும் பாங்குகளும் நடத்தி ஏழைகளின் பணத்தையும், பொருள்களையும் எடுத்துக்கொண்டு மறைகிறார்கள் என்ற ரிப்போர்ட்டுகள் அரசாங்கத்தாரின் கவனத்தில் பட்டதுண்டு

(பி) நூறு ரூபாய்க்கு குறைந்த தொகையுள்ள சிட்டிகளின் காரியத்தில் சிட்டி ஆக்ட்படி ஏதாவது நடவடிக்கைகள் நடத்த அரசாங்கத்திற்கு அதிகாரமில்லாததால் அவ்வித சிட்டிகளில் பணம் போடுவதற்கு எதிராக பொதுஜனங்களுக்கு புத்திமதிகள் கூறிக்கொண்டு ஒரு ப்ரெஸ் அறிக்கை விடப்பட்டிருக்கிறது. அதிகாரமில்லாது நடத்தப்படும் பாங்குகளின் மேல் உசிதமான நடவடிக்கைகள் எடுக்க அரசாங்கத்தார் ஆலோசனை செய்துகொண்டிருக்கிறார்கள்.

Shri P. S. Nataraja Pillai; Who has got power to take action with reference to kuries below Rs. 100?

Shri A. Chidambaranatha Nadar: Nobody.

Shri P. S. Nataraja Pillai: Has the Registrar of Chitties any power to take action in the case of kuries above Rs. 100?

Shri A. Chidambaranatha Nadar: Yes.

Shri E. P. Varghese: Does the Government intend to bring kuries below Rs. 100 under this Act?

Shri A. Chidambaranatha Nadar: Government propose to do that.

Loans.

* 100. [8] **Shri P. S. Nataraja Pillai**: Will the Minister for Finance be pleased to State:

(a) whether any loans were granted to (1) the Chitra Mills Ltd., (2) Chalakudy Plywood Factory (3) Rubber Tyre Factory in the Financial year 1952-53;

(b) if so the amount of loan, the terms of loan and the date on which it was granted;

(c) the reasons which prompted the Government to grant loans to each of these companies; and

(d) the capital investments in each of these concerns and the value of the asset on the date of loan ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)** : (a) No loans were grantedto the Chitra Mills Ltd., the Chalakudy Plywood Factory and the Rubber Tyre Factory in the Financial year 1952-53.

(b), (c) and (d) Does not arise in view of answer to (a).

Shri P. S. Nataraja Pillai : May I know whether there is provision in the Budget ?

Shri Panampilli Govinda Menon : Government have promised to take shares to the value of 15 lakhs out of a capital of 50 lakhs in a spinning and weaving mill to be attached to the Chitra Mills. Provision has been made in the current year's budget for that purpose. No payment has been made because the mill has not been established. Similarly, Government promised to take 51 % of the shares in a proposed Plywood factory at Chalakudy. Accordingly 15 lakhs has been provided in the budget. But the company has not been established and no payment has been made. Government similarly consented to take shares worth Rs. 30 lakhs in the Rubber Tyre Factory. But the company has not yet been established and no payment has been made.

Shri P. S. Nataraja Pillai : May I know on what conditions the Government provided these amounts in the Budget for expenditure during the current year ?

Shri Panampilli Govinda Menon : That is on the condition that if these factories are established for the industrialisation of the country, Government will give this sort of help ; that is by taking shares.

Shri P. S. Nataraja Pillai; Was there any announcement from the Directors ?

Shri Panampilli Govinda Menon : Yes. There has been announcement, in the sense that they put forward proposals or applications stating that these concerns will be started during the current year.

Shri P. S. Nataraja Pillai : Did the Government make any enquiry as to how far their arrangements have progressed and whether they have sufficient capital to float the companies ?

Shri Panampilli Govinda Menon : Yes.

Shri P. S. Nataraja Pillai : Was the Government satisfied that the promoters will be able to start the companies during this year ?

Shri Panampilli Govinda Menon : Yes; Government were satisfied.

Shri P. S. Nataraja Pillai : What is the basis or reason for saying that Government were satisfied ?

Shri Panampilli Govinda Menon : These promoters said that they have everything ready to start these industries. Government were anxious that these industries should be started and Government wanted to extend their co-operation in the way in which it was suggested. And regarding Chitra Mill, Government

know that they are moving the Government of India to get import licence with respect to the import of machinery and this Government has recommended to Government of India that the import licence for machinery may be given. But with respect to the Rubber Tyre Factory I do not know where the matter stands.

Shri P. S. Nataraja Pillai: May I know the names of the promoters ?

Shri Panampilli Govinda Menon: I want notice.

Shri P. S. Nataraja Pillai: May I know in whose undertakings he included these items in the Budget ?

Shri Panampilli Govinda Menon: It is anticipatory.

Shri P. S. Nataraja Pillai: These items were included in the Budget on the assurance of the promoters. I would like to know on whose assurance were these items included in the Budget ?

Shri Panampilli Govinda Menon: On the assurance of the promoters.

Shri A. Thanu Pillai: Do the Government expect these factories to be established this year ?

Shri Panampilli Govinda Menon: The Spinning and weaving factory will be started this year.

Shri A. Thanu Pillai: Sir, in regard to the allotment of about half a crore of rupees out of the State revenue, am I to understand that the money required for many other purposes were allotted with a view that these factories would be brought into existence during this year ?

Shri Panampilli Govinda Menon: Government allotted these amounts since they were satisfied that they will be started this year.

Shri A. Thanu Pillai: Is it the same position in regard to the Rubber Tyre Factory also ?

Shri Panampilli Govinda Menon: It is the same position.

Shri A. Thanu Pillai: How much amount has the company collected? I want to know the position.

Shri Panampilli Govinda Menon: I do not know. We must be the last purchasers of the shares.

Shri A. Thanu Pillai: I want to know whether it is so and not must be so.

Shri Panampilli Govinda Menon: It ought to be so and it will be so.

Shri O. C. Ninan: May I know whether Government have any control over these companies ?

Shri Panampilli Govinda Menon: Yes; Government will have control.

Shri O. C. Ninan: What sort of Control ?

Shri Panampilli Govinda Menon: Government will have their own members as directors.

Shri N. Rajagopalan Nair: May I know whether Government intend to grant these loans subject to the State Aid to Industries Act?

Shri Panampilli Govinda Menon: That is intended for a different purpose.

ശ്രീ. കെ. കെ. കുമാരപിള്ള: ഇത്ര വിശദമായി ഈ വ്യവസായങ്ങളെക്കുറിച്ചറിയുന്ന മന്ത്രിക്ക് അതിന്റെ പ്രമോട്ടേഴ്സ് ആരാണെന്നറിവില്ലാത്തതെന്തുകൊണ്ടാണെന്നു പറയാമോ?

Mr. Speaker: The question is disallowed.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ വ്യവസായങ്ങളുടെ പ്രമോട്ടേഴ്സ് ആരാണെന്നു പറയാത്തതിന്റെ ഉദ്ദേശമെന്താണെന്നു പറയാമോ

Mr. Speaker: Next question, Mr. Nataraja Pillai.

Subsidy.

*101. [9] **Shri P. S. Nataraja Pillai:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether any amount has been received as (1) loan, (2) subsidy during the period April to September 1952, if so, the amount under each item; and

(*b*) the purposes for which these amounts were utilised?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) No loan has been received by Government during this year;

Government have received a subsidy of Rs. 1,41,66,983 up to September 1952.

(*b*) The subsidy received was towards loss on the subsidised sale of foodgrains incurred by the State.

Shri P. S. Nataraja Pillai: Was any subsidy promised for Grow More Food works?

Shri Panampilli Govinda Menon: Yes; subsidy has been promised.

Shri P. S. Nataraja Pillai: May I know the extent to which it has been promised?

Chief Minister (**Shri A. J. John**): I think it is Rs. 12 lakhs. I am not quite sure.

Shri P. S. Nataraja Pillai: Has the Government submitted any details about the works to be undertaken?

Shri A. J. John: Yes.

Shri P. S. Nataraja Pillai: Was any work thus submitted disallowed by the Government of India?

Shri A. J. John: That is only under consideration.

Food Production Board.

*102. [10] **Shri P. S. Nataraja Pillai:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether the Food Production Board was abolished or reorganised after the last Budget Session of the Assembly;

(*b*) if so the date on which the Board was abolished or reorganised;

(*c*) whether there is a Chairman or Secretary for the Board under the new scheme;

(*d*) whether the present board is a branch of the Secretariat; and

(*e*) whether appointments in this branch were made after considering the claims of the Secretariat staff?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) No. There was a separate Secretary for the Board. Instead of a separate Secretary the Food Secretary was made the Secretary for the Board also.

(*b*) The question does not arise in view of the answer to part (*a*) of the question.

(*c*) There is a Chairman and a Secretary as before.

(*d*) No.

(*e*) No appointment has been made to the Board and so this question does not arise.

Shri P. S. Nataraja Pillai: May I know whether this set up is not a reorganization or a reconstitution?

Shri Panampilli Govinda Menon: It is neither a reconstitution nor a re-organization. The Food Secretary is made the Secretary to the Board and the other members are still in the Board.

Shri P. S. Nataraja Pillai: Are all the works to be sanctioned by the Board?

Shri Panampilli Govinda Menon: Only major works are to be sanctioned by the Board.

Shri P. S. Nataraja Pillai: May I know whether the Board is competent to allot lands for Grow More Food schemes?

Chief Minister (**Shri A. J. John**): No.

Shri A. Thanu Pillai: Is the Vandanmed difficulty created by the Board's activities in allotting lands, to be solved by this Board now?

Shri A. J. John: That has to be considered.

Shri N. Rajagopalan Nair: Why did the Government reorganize this Board?

Shri A. J. John: As a matter of economy.

Shri N. Rajagopalan Nair: May I know whether more food was produced under the scheme?

Shri A. J. John: I have no information. The department was reorganized only some months back.

Shri N. Rajagopalan Nair: How much more foodgrains were procured after the Board was constituted?

Shri A. J. John: It is not the function of the Board to procure foodgrains.

എൻ. ജി. ഒ. മാർ.

❋ ൧൦൩. [൧൧] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ളിക്ക് വർക്ക്സ് ആൻഡ് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നുകൊല്ലം തുടർച്ചയായി ഒരു സ്ഥലത്ത് ജോലി ചെയ്യുന്ന പി. ഡബ്ലിയു. ഡി-യിലെ എൻ. ജി. ഒ. മാരെ ഉടനടി സ്ഥലം മാററണമെന്ന് ചീഫ് എൻജിനീയർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എൻ. ജി. ഒ. മാരെ കഴിയുന്നതും അവരുടെ സ്വദേശങ്ങളിൽ നിയമിക്കേണ്ടതാണെന്ന് ഇതിനുമുൻപ് ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ചീഫ് എൻജിനീയരുടെ ഉത്തരവ് ആ നിർദ്ദേശങ്ങൾക്ക് വിരുദ്ധമല്ലേ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അല്ല. ഈ നിർദ്ദേശം ഗവണ്മെൻറ് ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൻെറ നടത്തിപ്പിലേക്കാണ്.

ശ്രീ. പി. രവീന്ദ്രൻ : മൂന്നുകൊല്ലം തുടർച്ചയായി സ്വദേശത്തു തന്നെ താമസിക്കുന്ന ഒരു എൻ. ജി. ഒ. ചീഫ് എൻജിനീയരുടെ ഈ ഉത്തരവുമൂലം സ്ഥലം മാററപ്പെടുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു വേണമെന്നില്ല. ഒരു സ്ഥലത്തു മൂന്നുകൊല്ലക്കാലത്തിൽപ്പരം ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ ആ സ്ഥലത്തുകാരനല്ലാത്തപക്ഷം മാററുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതു്.

പൊതുതെരഞ്ഞെടുപ്പ്.

❋ ൧൦൪. [൧൨] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പു സംബന്ധിച്ച് വോട്ട് എണ്ണുക മുതലായി സ്വന്തം ജോലിക്കു പുറമേ കൂടുതൽ ജോലി ചെയ്തിട്ടുള്ള ഡിപ്പാർട്ടുമെൻറു സിൽബന്തികൾക്ക് എന്തെങ്കിലും അലവൻസ് കൊടുക്കാമെന്ന് ഗവണ്മെൻറ് സമ്മതിച്ചിരുന്നോ ;

(ബി) സമ്മതിച്ചിട്ടുണ്ടെങ്കിൽ ആർക്കെങ്കിലും അങ്ങനെ അലവൻസ് കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അലവൻസു കൊടുക്കുന്നതിനു ഒരു ആലോചനയുണ്ട്.

(ബി) ഇല്ല.

(സി) ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തിൽ ഇരിക്കുകയാണ്.

ശ്രീ. പി. രവീന്ദ്രൻ: വരണാധികാരിയുടെ ആഫീസിൽ ഏററവും കൂടുതൽ ജോലി ചെയ്തിട്ടുള്ള ആളുകൾക്കു് അലവൻസു കൊടുക്കുന്നതിനു ഇത്ര വളരെ കാലതാമസമുണ്ടാകുന്നതെന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവക്കു് അലവൻസു കൊടുക്കണമെന്നു ഗവണ്മെൻറിനുദ്ദേശമുണ്ടു്. എന്നാൽ അതിനെപ്പററി ഇൻഡ്യാഗവണ്മെൻറിലേക്കു് രണ്ടാമതായി എഴുതി അയയ്ക്കേണ്ടിവന്നു. ഇൻഡ്യാഗവണ്മെൻറിൻെറ ഏജൻറു് എന്ന നിലയിലാണു് ഈ ഗവണ്മെൻറു് ഇലക്ഷൻജോലികൾ നിവ്വഹിച്ചുപോന്നതു്. അതു സംബന്ധിച്ചുള്ള ചെലവിൻെറ അൻപതു ശതമാനം ഇൻഡ്യാഗവണ്മെൻറു നമുക്കു തരുന്നതുമാണു്. അലവൻസു കൊടുക്കുന്ന കാര്യം ഇൻഡ്യാഗവണ്മെൻറിൻെറ സമ്മതംകൂടാതെ ചെയ്തില്ലെങ്കിൽ അതിലേയ്ക്കു വേണ്ടിവരുന്ന തുകയുടെ പകുതി തുക നാം നഷ്ടപ്പെടേണ്ടതായി വരും.

ശ്രീ. പി. രവീന്ദ്രൻ: കേന്ദ്രഗവണ്മെൻറിൽനിന്നും കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്ന തുക മുഴുവൻ കിട്ടിയോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: മുക്കാലും കിട്ടി.

ശ്രീ. പി. രവീന്ദ്രൻ: എന്നിട്ടും അലവൻസു കൊടുക്കാതിരുന്നതെന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ ഐററത്തിനുമുള്ള തുകയുടെ പകുതി വീതമാണു് ഇൻഡ്യാഗവണ്മെൻറു് തന്നുകൊണ്ടിരിക്കുന്നതു്. അലവൻസു കൊടുക്കുന്ന കാര്യം ഇൻഡ്യാഗവണ്മെൻറിൻെറ അനുമതിക്കുവേണ്ടി എഴുതിയിട്ടുണ്ടു്. അതിനുള്ള കൺകറൻസു് കിട്ടിയെങ്കിൽ മാത്രമെ അതിനു വേണ്ടിവരുന്ന തുകയുടെ പകുതി ഇൻഡ്യാഗവണ്മെൻറു നമുക്കു തരികയുള്ളു.

കൈത്തറി നെയ്ത്തു്.

❋ ൧൦൫. [൧൩] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) കൈത്തറിനെയ്ത്തു വ്യവസായത്തിൻെറ മാന്ദ്യം പരിഹരിക്കുന്നതിനു് ഗവണ്മെൻറിനു് എന്തെങ്കിലും പദ്ധതി ഉണ്ടോ;

(ബി) നെയ്ത്തുതൊഴിലാളി പ്രതിനിധികളുടെ നിർദ്ദേശങ്ങൾ ഗവണ്മെൻറു് ആലോചനക്കെടുത്തിട്ടുണ്ടോ;

(സി) നെയ്ത്തുവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി മദ്രാസു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

In view of the importance of the matter, may I just refer to what the schemes are?

Mr. Speaker: Yes.

Shri Panampilli Govinda Menon: It has been proposed that all individual and independent weavers who are members or non-members of co-operative societies should offer their unsold stock to the co-operative society from which they buy yarn at the retail yarn cost plus wages calculated at six annas per knot for counts up to 40's. The primary societies should be enabled to buy all such unsold stock from all weavers on a cash basis, at this wage rate plus extra charges if any for special varieties. The primaries should offer the stock that they purchase to two central societies, namely, the Travancore Sri Mulam Handloom Weavers' Co-operative Society, Trivandrum, and the Cochin Central Co-operative Marketing Society, Trichur, at their purchase rates plus 1½ per cent margin of profit so as to allow for collection, transport and other incidental charges and receive full payment in cash from the Central societies. The primaries may also include their own unsold stocks in these transactions, but the margin of profit will be fixed at 2½ per cent, whether it is purchased or stock held by them. The purchase made by both the primaries as well as the central societies should be on the basis of wage. If the two societies require financial assistance for the purchase of these accumulated stock, Government will grant loans to them without interest or such other financial accommodation as may be possible on terms and conditions to be decided by Government. And accordingly, the Trivandrum Society has been granted a loan of Rs. 75,000 and the Trichur Society a loan of Rs. 25,000 so that they may immediately purchase all the stock with the weavers.

ശ്രീ. പി. രവീന്ദ്രൻ: ഈ സ്കീം നടപ്പിലാക്കുന്നതിന് കേന്ദ്രഗവണ്മെന്റ് എന്തെങ്കിലും ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതുവരെ ഒന്നുമില്ല. പക്ഷെ ഇന്നലെയും ഇന്നുമായി കേന്ദ്രഗവണ്മെന്റിന്റെ വ്യവസായമന്ത്രിയുമായി ഉണ്ടായ ആലോചനകളിൽ മിൽ തുണികൾക്ക് ഒരു സെസ്സ് ഉണ്ടാക്കി കിട്ടുന്ന തുകകൊണ്ട് ഒരു ഫണ്ടുണ്ടാക്കി അതിൽനിന്നും കൈത്തറിവ്യവസായത്തിലേക്ക് കൊല്ലംതോറും പതിനഞ്ചുലക്ഷത്തിൽ കുറയാതെ വരുന്ന ഒരു തുക സഹായധനമായി തരാമെന്ന് അദ്ദേഹം പറയുകയുണ്ടായി.

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ അക്യുമിലേറ്റ ചെയ്തിരിക്കുന്ന സ്റ്റോക്ക് വിററഴിക്കുന്നതിനു ഗവണ്മെന്റിനു എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഞാൻ ഇപ്പോൾ വായിച്ചത്. ഈ രാജ്യത്തു രണ്ടു സെൻട്രൽ സൊസൈററികൾ ഉണ്ട്. അവർ കൂടുതൽ സ്റ്റോക്കുള്ള കൈത്തറി തുണികൾ വാങ്ങാമെന്നു സമ്മതിച്ചിട്ടും ഉണ്ട്. പക്ഷെ അതിലേക്ക് ലോൺ കിട്ടണമെന്നു അവർ പറഞ്ഞു. ലോൺ കൊടുക്കാമെന്നു ഗവണ്മെൻറ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. രവീന്ദ്രൻ: കൈത്തറി വ്യവസായത്തെപ്പററി അന്വേഷിക്കുവാൻ കേന്ദ്രഗവണ്മെൻറിനാൽ നിയുക്തമായ കമ്മററിയിൽ തിരുവിതാംകൂർ-കൊച്ചിക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു കമ്മററിയുടെ വിവരംതന്നെ പത്രത്തിൽ കണ്ടതേയുള്ളു. അതിൽ തിരുവിതാംകൂർ-കൊച്ചിയിലുള്ള ആരുടേയും പേരു കണ്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: ഈ രാജ്യത്തെ പ്രതിനിധീകരിക്കുവാൻ ഇൻഡ്യാഗവണ്മെൻറിനോടു ഈ ഗവണ്മെൻറ ആവശ്യപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യപ്പെടാം.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇപ്പോൾ വിററഴിയാതെ കിടക്കുന്ന ഖദർകൂടി കെട്ടിക്കിടക്കുന്ന സ്റ്റാക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. അതിനെപ്പററി ആലോചിക്കാം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഈ സ്റ്റാക്കിൽ എത്രത്തോളം വിററഴിക്കാമെന്നാണു ഗവണ്മെൻറുദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കോഓപ്പറേറീവു സൊസൈററികളുടേയും പ്രതിനിധികൾ ഇപ്പോഴുള്ള സ്റ്റാക്കുമുഴുവൻ എടുത്തുകൊള്ളാമെന്നു പറഞ്ഞതനുസരിച്ചാണു് ഗവണ്മെൻറ ഇങ്ങനെയൊരു പദ്ധതി ഏർപ്പെടുത്തുവാൻ വിചാരിക്കുന്നതു്. അതിലേക്കു ഒരു സംഖ്യ ലോണായി കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തു.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ആ സംഖ്യ പോരാതെ വരുമെങ്കിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോരാതെവരുമെങ്കിൽ കൂടുതൽ കൊടുക്കുന്നതിനെപ്പററി ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: ഈ സെൻട്രൽ സൊസൈററികൾ സ്റ്റാക്കു മുഴുവൻ വാങ്ങിക്കഴിഞ്ഞതിനുശേഷം അവ വിററഴിക്കുന്നതെങ്ങനെയാണെന്നുള്ളതിനെപ്പററി ഗവണ്മെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈവക അടിയന്തിരമായ ഏതെങ്കിലും വ്യവസായത്തിനു തകർച്ചവരുന്ന സന്ദർഭത്തിൽ ആ വ്യവസായത്തെ സഹായിക്കാൻ ചിലപ്പോൾ സാഹസമായിട്ടുകൂടി എന്തെങ്കിലും ചെയ്യേണ്ടിവരുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ സംരംഭം തുടങ്ങിയിരിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ: ഈ സെൻട്രൽ സൊസൈററികളുടെ പ്രതിനിധികൾ ആരെല്ലാമായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃശ്ശൂർ സെൻട്രൽ കോഓപ്പറേറീവു് സൊസൈററിയുടെ പ്രതിനിധി ശ്രീ. എം. കെ. മേനോനും തിരുവനന്തപുരം സൊസൈററിയുടെ പ്രതിനിധി ശ്രീ. എം. ഭാസ്കരൻ നായരും.

ശ്രീ. കെ. കരുണാകരൻ: ആശുപത്രികളിലും മററും കൈത്തറി തുണികൾ ഉപയോഗിക്കുന്നതിനു് വ്യവസ്ഥ ചെയ്യുന്നതു് ഈ പ്രശ്നത്തിനു പരിഹാരമാവുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വ്യവസ്ഥചെയ്യുന്നതിനു വിരോധമില്ല. പക്ഷെ അതുകൊണ്ടുമാത്രം ഈ പ്രശ്നത്തിനു പരിഹാരമുണ്ടാവുകയില്ല.

Shri C. Sankar: Have the Government got any statistics at their disposal as to the amount of hand-loom cloth in the State ?

Shri Panampilli Govinda Menon; Just at present I have no figures with me.

Procurement of Paddy:

✱ 106. [14] **Shri K. Madhavan Unnithan:** Will the Minister for Finance and Civil Supplies be pleased to state :

(*a*) are the Government aware that the procurement of paddy in equal instalments in the Kanni and Kumbham crops is causing hardship to the ryots, and

(*b*) will the Government direct that collection be made in the ratio of one is to three in Kanni and Kumbham crops in appropriate cases ?

Minister for Finance and Civil Supplies: **(Shri Panampilli Govinda Menon):** (*a*) Government are not aware that the procurement of paddy in equal instalments in the Kanni and Kumbham crops according to the levy system is causing hardship to ryots.

(*b*) Government do not at present consider it necessary to do so, but if there are hard cases, Government will look into them and if hardship is being experienced, Government will revise their policy.

Roads in Village Panchayat area.

✱ 107. [15] **Shri O. C. Ninan**; Will the Minister for Works be pleased to state :

(*a*) who is responsible for the maintenance of the roads within the area of a village panchayat ;

(*b*) do the Government grant any amount for the village panchayats for the construction and maintenance of new roads ; if so what is the amount of grant usually given ; and

(*c*) what is the total amount allotted for giving such grants in 1952 ?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) The concerned panchayat is responsible for the maintenance of roads other than those under the Public Works Department, subject to the availability of funds.

(*b*) Yes ; The following grants were given for **1950-51** and **1951-52:**

1950-51	Rs. 3,10,340 ;
1951-52	Rs. 3,11,480 ;

(c) Rs. 3,12,630.

ശ്രീ. ഓ. സി. നൈനാൻ: വില്ലേജ് പഞ്ചായത്തു് ഏരിയായിലുള്ള റോഡുകളുടെ മെയിൻറനൻസുകൂടി പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിൽ വല്ല വിരോധവുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരു വിരോധവുമില്ല.

ശ്രീ. ഒ. സി. നൈനാൻ: ഗവൺമെന്റിൽ നിന്നും ഗ്രാന്റു കൊടുത്തുകൊണ്ടു് അവിടെയുള്ള എല്ലാ റോഡുകളുടേയും മെയിൻറനൻസു അവരെക്കൊണ്ടു നടത്തിക്കുന്നതിൽ വിരോധമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

Speaker: That depends upon the provisions of the Village Panchayat Act. The village panchayat is expected to collect a certain percentage. The Government will bear the rest.

ശ്രീ. ഒ. സി. നൈനാൻ: ഇക്കാര്യത്തിൽ ഗവൺമെന്റിനു് എന്തെങ്കിലും നിശ്ചിതമായ ഒരു പദ്ധതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതാതു പഞ്ചായത്തു് ഏരിയായിലുള്ള ചില റോഡുകളുടെ മെയിൻറനൻസു് പഞ്ചായത്തുകൾ തന്നെ നിർവ്വഹിക്കണമെന്നാണു് ഇപ്പോഴത്തെ ഉദ്ദേശം. അതിലേക്കു പരിമിതമായ ഒരു ഗ്രാന്റു് ഇപ്പോൾ കൊടുത്തുവരുന്നുമുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: ഗവൺമെന്റു്, പഞ്ചായത്തുകൾ ഇതിലേക്കു ചെലവാക്കുന്ന തുകയുടെ ഇന്ന അനുപാതം അനുസരിച്ചു് ധനസഹായം ചെയ്യുന്നതാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടില്ല. മേലാൽ പഞ്ചായത്തു് ഉണ്ടാവുമ്പോൾ രണ്ടായിരം രൂപയിൽ കവിയാത്ത ഒരു തുക ഗവൺമെന്റിനു് ഗ്രാന്റു് നൽകാവുന്നതാണു്.

ശ്രീ. ഒ. സി. നൈനാൻ: എന്തുകൊണ്ടാണു് രണ്ടായിരം രൂപയിൽ കവിയാത്തതു് എന്നു ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്?

Mr. Speaker: There is a provision in the Village Panchayat Act which the Assembly has passed.

Shri R. Ponnappa Nadar: Will this amount be allotted to all the panchayats throughout the State?

Shri K. Kochukuttan: Yes.

Rice Mills.

✻ 108 [16] **Shri O. C. Ninan:** Will the Minister for Food be pleased to state:

(*a*) why a license fee of Rs. 500 is fixed for starting a rice mill; is the fee for an year;

(*b*) has the Government power to fix such fees; if so will the Minister be pleased to state the law or the rule under which such power is vested in the Government;

(*c*) why is it that a difference is made in the matter of feet and number regarding rice mills for Government use and the public use; and

(*d*) how many new licenses have been issued so far?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) Government consider that it is necessary to levy a licence fee of Rs. 500 per annum.

(*b*) Yes; Section 3 (1) of the Essential Supplies (Temporary Powers) Act, 1946 (Central Act XXIV of 1946 read with Government of India Ministry of Food Notification No. S. R. O. 703 dated 4th October 1950).

(*c*) Since the number of mills licensed for milling Government paddy will be limited, they will have a larger volume of work and so the increased licence fee is fixed. As there is no limitation in the number of private mills, naturally their outturn of work will be poor and hence a lesser licence fee.

(*d*) No new licences have been issued so far.

Although these answers are being made, I must say that all these questions have been kept in abeyance pending the report to be made by a committee representing different sections of this House and representative public men outside.

ശ്രീ. കെ. കെ. കുമാരപിള്ള: ലൈസൻസു കിട്ടാതെയും എന്നാൽ അതിനു രൂപ ഒടുക്കി എന്ന അടിസ്ഥാനത്തിലും രാജ്യത്തിന്റെ നാനാ ഭാഗത്തും റൈസ് മില്ലുകൾ തുടങ്ങിയിട്ടുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വളരെ ഉണ്ടെന്നു തോന്നുന്നില്ല. ഒരു കേസ് ഉണ്ടായിട്ടുണ്ട്. അതിന് പ്രോസിക്യൂഷൻ നടപടി എടുത്തിട്ടുമുണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: ഹരിപ്പാട്ട് ഒരു റൈസ്മിൽ തുടങ്ങുകയും ഹരിപ്പാട്ട് ഇൻസ്പെക്ടർ ഇടപെട്ട് അയാളുടെ പേരിൽ കേസ്സ് എടുക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററിയാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. കെ. കുമാരപിള്ള: ആ രീതിയിൽ മററു താലൂക്കുകളിൽ കൂടി ഇതേപ്പററി അന്വേഷണം നടത്തുവാൻ പോലീസ് ഇൻസ്പെക്ടറന്മാരോട് ആവശ്യപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്യാം.

Shri C. Sankar: Has any new licence been given since last July?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ നിയമസഭയ്ക്കു ശേഷമില്ല.

Shri C. Sankar: Does the Member know that there are now three mills working and may I know whether licenses have been given to those three mills?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ സംഗതിയെപ്പററി റിക്കാർഡുകൾ നോക്കാതെ ഒന്നും പറയുവാൻ നിവൃത്തിയില്ല. കഴിഞ്ഞ നിയമസഭയ്ക്കു ശേഷം ലൈസൻസുകൾ ഒന്നും കൊടുത്തിട്ടില്ലെന്നാണ് തോന്നുന്നത്.

Mineral Companies.

❋109 [17] **Shri P. Ramaswami Pillai:** Will the Minister for Finance and Civil Supplies be pleased to state:

(*a*) how many mineral companies are at work at Manavalakurichi;

(*b*) who manages the company;

(*c*) what interest has this Government in them;

(*d*) who makes selection of employees in the said company; and

(*e*) is there any complaint that in making the selection of employees and labourers preference is not given to those who were working in the company before ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**: (*a*) None ;

(*b-e*) Do not arise in view of the answer to (a).

Shri P. Ramaswami Pillai: Does the Member know that there is a mineral company at Manavalakurichi ?

Shri Panampilli Govinda Menon: There is a mineral company at the place but it is not working.

Shri P. Ramaswami Pillai: May I know how many mineral companies are there at Manavalakurichi ?

Shri Panampilli Govinda Menon: The Answer given is none. But the company under reference is not working.

Shri N. A. Noor Muhammad: Is there any proposal to take them under Government control ?

Shri Panampilli Govinda Menon: That question is under consideration.

ശ്രീ. ബേബിജാൺ: ട്രാവൻകൂർ മിനറൽകമ്പനി നമ്പർ ൨ എന്ന ഒരു കമ്പനിയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. ബേബിജാൺ: ആ കമ്പനിയിലെ ജോലിക്കാർക്ക് ചവറ മിനറൽ കമ്പനിയിലെ ജോലിക്കാരെ അപേക്ഷിച്ച് കൂലി കുറവാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാതെ പറയുവാൻ നിവൃത്തിയില്ല.

Mr. Speaker: That does not come within the ambit of this particular question.

ശ്രീ. ബേബിജാൺ: അവിടത്തെ ജോലിക്കാരെപ്പറ്റിയോ, അവരുടെ കൂലിനിരക്കിനെപ്പറ്റിയോ അറിഞ്ഞുകൂടായെന്നാണോ പറയുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂലിനിരക്കിനെപ്പറ്റി അന്വേഷണം നടത്തിയതിനു മേലെ പറയുവാൻ സാധിക്കുകയുള്ളു.

Mr. Speaker: All those are not relevant to the main question.

ശ്രീ. എ. കെ. ചെല്ലയ്യാ: ഈ കമ്പനിയിലെ ജോലിക്കാരെല്ലാം ഗവൺമെന്റ് നേരിട്ടു നിയമിച്ചിട്ടുള്ളവരാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: നിയമനത്തിനു വേണ്ടി സിലക്ഷൻ നടത്തിയതു സംബന്ധിച്ച് പല പരാതികളും ഉത്ഭവിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ആ കമ്പനിയിലെ മാനേജർ ആരാണെന്നു പറയാമോ?

Mr. Speaker: Such questions as who is the Manager, Clerk or Typist and so on are not relevant. The time of the House is so precious that if Members are earnest, they will try to ask definite questions.

Air India Co.

*110. [18] **Shri P. Ramaswami Pillai**: I would beg to point out that in part (a) of the question a mistake has crept in. It ought to be:

(*a*) is there any undertaking by this Government to pay compensation to the Air India Company in case of loss; (not National Airways Company);

(*b*) has any amount been demanded by the Company so far;

(*c*) has any amount been paid by any of compensation up to date; and

(*d*) what is the loss, if any, sustained by the Company in running their service within this State?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) There was no undertaking by Government to pay compensation;

(*b*) There was a demand by the Company for payment of 16 lakhs;

(*c*) Rs. 2 lakhs have been paid;

(*d*) The amount of 16 lakhs was claimed on the basis of loss sustained by tbe Company.

Shri P. Ramaswami Pillai: Is there any criterion for fixing compensation?

Shri Kalathil Velayudhan Nair: There is no such thing. But the Company have claimed on the basis of a letter sent by this Government. But there is no such information now available here.

Shri P. Ramaswami Pillai: Does the Government propose to pay the minimum compensation asked for?

Shri Kalathil Velayudhan Nair: This question does not affect this Government now because the Central Government have taken over control of Communications and so liabilities on that score need not be paid by us.

Shri O. C. Ninan: May I know, if there is no undertaking, why did this Government pay two lakhs to the company?

Shri Kalathil Velayudhan Nair: But this was a matter which arose two years back.

Shri O. C. Ninan: Even then, why was that payment effected?

Shri Kalathil Velayudhan Nair: Payment was made before the control was taken over by the Central Government.

Shri O. C. Ninan: In the absence of any undertaking at any time, why was the payment effected?

Shri Kalathil Velayudhan Nair: On the basis of the claim made by the Company, as a part payment a sum of two lakhs was paid.

Shri O. C. Ninan: Have the Government audited the accounts of the Company?

Shri Kalathil Velayudhan Nair: No.

Shri O. C. Ninan: Has this Government any power to audit the accounts?

Shri Kalathil Velayudhan Nair: If they want any amount from this Government, then we can audit the accounts.

Shri O. C. Ninan: May I know whether this sum of two lakhs was paid after auditing the accounts?

Shri Kalathil Velayudhan Nair: No, Sir, it was not after audit.

Sea Erosion.

*111. [19] **Shri P. V. Avira Tharakan:** Will the Minister for Works and Transport be pleased to state:

(*a*) whether the Government have received any memorandum from Chellanam or Maruvakad (Kanayannoor taluk) regarding the destruction of houses by sea erosion; and

(*b*) whether the Government intend to give any compensation to those who have lost their houses by sea erosion?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) Yes;

(*b*) The question is under consideration.

ശ്രീ. പി. വി. അവിരാതരകൻ: കടലാക്രമണം സംബന്ധിച്ച് എന്തെല്ലാം സംഭവവികാസങ്ങളാണ് ആ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ളതെന്ന് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ ചോദ്യത്തിന്റെ ഉത്തരത്തിൽതന്നെ വിശദപ്പെടുത്തിയിട്ടുണ്ട്. "Those who have lost their houses by sea erosion is the language used.

ശ്രീ. പി. വി. അവിരാതരകൻ: ആ പ്രദേശങ്ങളിൽ കടലാക്രമണം നിമിത്തം എത്ര വീടുകൾ നശിച്ചുപോയിയെന്ന് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. പി. വി. അവിരാതരകൻ: എത്ര വീടുകളാണ് നശിച്ചുപോയിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൮ വീടുകൾ എന്നാണ് കണക്കുകൊണ്ടുകാണുന്നത്.

Shri E. P. Varghese: May I know the extent of land by sea erosion?

Shri Kalathil Velayudhan Nair: It is about 9½ miles of the coastline in that part.

Shri E. P. Varghese: May I know whether Government have taken any action to prevent sea erosion?

Shri Kalathil Velayudhan Nair: They have taken suitable steps to prevent that.

Shri E. P. Varghese: What is the kind of action taken by them?

Shri Kalathil Velayudhan Nair: Putting up of bunds wherever possible.

Shri E. P. Varghese: May I know the amount provided and spent for that purpose?

Shri Kalathil Velayudhan Nair: This year no amount has been provided for that. But on account of pressure from the public, Government hope to allot some money for that item very soon.

Shri E. P. Varghese: May I know whether houses have been built?

Shri Kalathil Velayudhan Nair: No, not in this particular portion.

Shri E. P. Varghese: Have Government collected any statistics on this behalf?

Shri Kalathil Velayudhan Nair: Yes. Now it is not with me.

Shri E. P. Varghese: May I know whether houses will be built for those who have lost buildings? And whether there are many applications pending with Government?

Shri Kalathil Velayudhan Nair: I am not now in a position to answer that.

Shri E. P. Varghese: May I know whether they propose to do anything by way of protective work?

Shri Kalathil Velayudhan Nair: Government intend doing work in that line also.

ശ്രീ. പ്രാക്കുളം ഭാസി: നീണ്ടകരയും കടലാക്രമണം കൂടക്കൂടെ ഉണ്ടാകുന്നുവെന്നുള്ളതു് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

Mr. Speaker: It must have been some years back.

Anamalai Road.

※ 112 [29] **Shri P. V. Avira Tharakan**: Will the Minister for Works and Transport be pleased to state:

(*a*) what made the Government to make an enquiry about the Anamalai Road;

(*b*) who was deputed for this enquiry; and

(*c*) will the Government be pleased to publish the report of the enquiry?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Government did not order any enquiry about that;

(*b*) & (*c*) Do not arise in view to answer to (a).

Anamalai Road.

※ 113. [21] **Shri P. V. Avira Tharakan**: Will the Minister for Works and Transport be pleased to state:

(*a*) whether the Government have made an enquiry through the Chief Engineer Mr. Sivaraman Nair (now retired) about the Anamalai road after 1949;

(*b*) if so what was the result of the enquiry; and

(*c*) whether the Government have received the report?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Government did not order enquiry about that.

(*b*) & (*c*) Does not arise in view of the answer to (a).

ശ്രീ. ടി. കെ. കൃഷ്ണൻ: ആനമല റോഡിനെപ്പററി ഒരു അന്വേഷണം നടത്തണമെന്നു് പൊതുജനങ്ങളുടെ പരാതി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടായിരുന്നോ?

Mr. Speaker: It is too vague. I should like to say that questions when put should be definite in character. To ask a question like 'are there any complaints from people at any time about a matter' and so forth - that is not of any definite type. Order, order. Next question.

Shri T. K. Krishnan: Sir, this is an infringement of the right of members. ഈ മാതിരിയുള്ള........

മി. സ്പീക്കർ: ഏതുമാതിരിയുള്ള?

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതു സംബന്ധിച്ചു് പൊതുജനങ്ങളിൽ നിന്നും വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോയെന്നാണു് ഞാൻ ചോദിക്കുന്നതു്?

Mr. Speaker: Where is the infringement? Hon. Members are at liberty to put definite questions. All that I wish to say is that questions like "whether at any time in the history of Travancore-Cochin, things have happened and so forth", would not be in order. Order, order. The Member will please sit down. The Speaker has the right to allow or disallow a question.

അസിസ്റ്റൻറു് ലേബർകമ്മീഷണരുടെ ആസ്ഥാനം.

* ൧൧൪. [൨൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസിസ്റ്റൻറു് ലേബർ കമ്മീഷണർ ഫോർ പ്ലാൻേറഷൻസു് എന്ന ഉദ്യോഗസ്ഥൻെറ ആസ്ഥാനം തോട്ടങ്ങളുടെ കേന്ദ്രമായ മുണ്ടക്കയത്തോ പീരുമേട്ടിലോ മാററി സ്ഥാപിക്കുന്നതിനു് ഗവണ്മെൻറു് ശ്രമിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പ്ലാൻേറഷൻ അസി: ലേബർ കമ്മീഷണരാഫീസ് കോട്ടയത്തു നിന്നും മാററണമെന്നു് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ആവശ്യമുണ്ടെന്നു കാണുന്നപക്ഷം ആലോചിക്കാവുന്നതാണു്.

ശ്രീ. പി. ഭാസ്കരൻ നായർ: ആ ഉദ്യോഗസ്ഥൻെറ യാത്രാസൗകര്യങ്ങൾക്കു വേണ്ടി വല്ല വാഹനവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: തോട്ടങ്ങളിൽ സഞ്ചരിച്ചു് അവിടങ്ങളിലെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനു വാഹനത്തിൻെറ ആവശ്യം ഉണ്ടെന്നു അറിഞ്ഞുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യമുണ്ടെങ്കിൽ വാഹനം ഉപയോഗിച്ചുകൊള്ളും.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഇപ്പോൾ അദ്ദേഹത്തിൻെറ ആഫീസു് എവിടെയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോട്ടയത്താണു്,

തൊഴിലാളികളുടെ പാർപ്പിടങ്ങൾ.

* ൧൧൭. [൨൩] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവ്യവസ്ഥയനുസരിച്ചുള്ള താമസസൗകര്യങ്ങൾ നമ്മുടെ ഹൈറേഞ്ചിലെ തോട്ടങ്ങളിൽ പ്രത്യേകിച്ചു പീരുമേട്ടിലെ തേയിലത്തോട്ടങ്ങളിൽ ജോലി ചെയ്തു താമസിക്കുന്ന തൊഴിലാളികൾക്ക നൽകപ്പെട്ടിട്ടില്ലെന്നും അവർ താമസിക്കുന്നതു ഭൂരിഭാഗവും ശുദ്ധവായുവോ വെളിച്ചമോ കടക്കാത്തതും, ഇരുളും പുകയും നിറഞ്ഞു ചെള്ളും കുറയും അരിച്ചു കയറുന്ന കാററടിച്ചാൽ വിറകൊള്ളുന്നതും മഴയത്തു ചോർന്നൊലിക്കുന്നതുമായ ചെറുകൂരകളിൽ മൂന്നും നാലും കുടുംബങ്ങൾ ഒന്നിച്ചാണ് താമസിക്കുന്നതെന്നും സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദുസ്ഥിതി പരിഹരിക്കുന്നതിനും, മനുഷ്യവാസയോഗ്യമായ പാർപ്പിടങ്ങൾ തൊഴിലാളികൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിനും തോട്ടം ഉടമകളെ നിർബന്ധിക്കുവാൻ ഗവണ്മെൻറ സത്വരനടപടികൾ സ്വീകരിക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തോട്ടം തൊഴിലാളികളുടെ പാർപ്പിടവിഷയം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രഗവണ്മെൻറിൻെറ പ്ലാൻേറഷൻ ഇൻഡസ്ട്രിയൽ കമ്മിററിയുടെ സമ്മേളനത്തിൽവെച്ച് ഈ കാര്യത്തിൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതനുസരിച്ചു വേണ്ടതായ ശുപാർശകൾ ഈ സംസ്ഥാനത്തിലെ തോട്ടം ഉടമസ്ഥന്മാരോടു ഗവണ്മെൻറുചെയ്തിട്ടുണ്ട്. അതിൻപ്രകാരം പുതിയവീടുകൾ പല തോട്ടങ്ങളിലും നിർമ്മിച്ചുവരുന്നുണ്ട്. ഈ പദ്ധതിയുടെ പുരോഗമനത്തിൽ ഗവണ്മെൻറ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇത്ര കാലത്തിനുള്ളിൽ വീടുകളുടെ പണി പൂർത്തിയാക്കണമെന്നു വല്ല നിർദ്ദേശവും ഉണ്ടോ?

